LIBRARY ARCHIVES Kerala Legislative Assembly

II. അടിയന്തിരപ്രമേയം

മലബാർ മേഖലയിൽ 7-7-2005-നുണ്ടായ ഉരുൾപൊട്ടലും മലവെള്ളപ്പാച്ചിലും

9.30 A.M.] *മി. സ്പീക്കർ:* ഇന്നലെ രാവിലെ ഉണ്ടായ കനത്ത മഴയെത്തുടർന്ന് ഉരുൾ പൊട്ടലിലും മലവെള്ളപ്പാച്ചിലിലും കടന്തപ്പുഴ വഴി മാറി ഒഴുകുകയും, പെരുവണ്ണാമൂഴി—പന്നിക്കോട്ടൂർ കോളനിയിൽ കല്യാണി എന്ന വീട്ടമ്മയെ കാണാതാകുകയും, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിൽ 30 പേർക്ക് പരിക്ക് പറ്റുകയും, 46-ഓളം വീടുകൾ പാടെ തകരുകയും, കോടിക്കണക്കിനു രൂപയുടെ കൃഷിനാശം സംഭവിക്കുകയും, ഒട്ടനവധി കുടുംബങ്ങൾ വഴിയാധാരമാകുകയും ചെയ്ത അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. പി. രാമകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, സി.കെ. നാണു, എ. എ. അസീസ്, വി.സി. കബീർ, പി. സി. ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. മത്തായി ചാക്കോ ഇതു സംബന്ധിച്ച് ഒരു സബ്മിഷനും തന്നിട്ടുണ്ട്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ മൂന്നു ജില്ലകളിൽ ഇന്നലെ ഉണ്ടായ ഉരുൾപൊട്ടലിന്റെയും അതിവർഷത്തിന്റെയും ഫലമായി വ്യാപകമായ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇന്നലെ കോഴിക്കോട്-വടകര താലൂക്കിൽ ഒൻപതു ഉരുളുകൾ പൊട്ടുകയുണ്ടായി. ഇന്നലെ രാവിലെ നിയമസഭയിൽ വരുമ്പോൾ ഈ വിവരം ഞാൻ മനസ്സിലാക്കിയിരുന്നു. ആദ്യമായിട്ട് കോഴിക്കോട് ജില്ലയിലെ അത്യാഹിതത്തെപ്പറ്റി വിവരം കിട്ടി. പിന്നീട് മലപ്പുറം ജില്ലയിലേയും വയനാട് ജില്ലയിലേയും അത്യാഹിതങ്ങളെപ്പറ്റി വിവരങ്ങൾ കിട്ടി. വിവരം കിട്ടിയ ഉടനെത്തന്നെ ജില്ലാകളക്ടർമാരെ അലെർട്ടു ചെയ്ത് ദുരിതാശ്വാസ രംഗത്ത് നിലയുറപ്പിക്കാനും, ആവശ്യമായ ദുരിതാശ്വാസ സഹായങ്ങൾ എത്തിക്കുവാൻ നടപടികൾ സ്വീകരിക്കുവാനും ഇന്നലെ തന്നെ ജില്ലാ ഭരണകൂടങ്ങൾക്കു നിർദ്ദേശം നൽകുകയുണ്ടായി. കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം, ഒൻപതു ഉരുൾപൊട്ടലുകളുടെ ഫലമായി ചെമ്പനോട്ടിൽ കല്യാണി എന്നു പറയുന്ന ഒരു സ്ത്രീയെ കാണാതായി. ശവശരീരം കണ്ടുപിടിക്കാൻ വേണ്ടി ഇന്നലെ പോലീസും ഫയർഫോഴ്സും നാട്ടുകാരും തിരച്ചിൽ നടത്തിയെങ്കിലും ഇതുവരെ ശവശരീരം

കണ്ടെടുക്കാനായിട്ടില്ല. അതിനുവേണ്ടിയുള്ള തിരച്ചിൽ തുടരുകയാണ്. ചെമ്പനോട്ടിലെ 28 വീടുകൾ പൂർണ്ണമായും 9 വീടുകൾ ഭാഗികമായും, പശുക്കടവിൽ 21 വീടുകൾ പൂർണ്ണമായും 47 വീടുകൾ ഭാഗികമായും തകർന്നു. വളരെയേറെ നാശനഷ്ടങ്ങൾ പാർപ്പിട രംഗത്തും ഉണ്ടായിട്ടുണ്ട്. പ്രധാനമായും മൂന്നു കേന്ദ്രങ്ങളിൽ ആളുകളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ചെമ്പനോട്ടുള്ള സെന്റ് ജോസഫ് സ്കൂളിൽ 28 വീട്ടുകാരെ, (130 ആളുകളെ) മാറ്റി പാർപ്പിച്ചിട്ടുണ്ട്. ഇറ്റിൽ ഫ്ളവർ സ്കൂളിൽ 50 വീട്ടുകാരെ, (227 ആളുകളെ) മാറ്റി പാർപ്പിച്ചിട്ടുണ്ട്. അതു കൂടാതെ പബ്ലിക് ഹെൽത്ത് സെന്ററിൽ ഏതാനും വീട്ടുകാരെ താമസിപ്പിച്ചിട്ടുണ്ട്. രണ്ടു വീടുകളിലും ഏതാനും ആളുകളെ താമസിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം വീടുകൾ നഷ്ടപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 ഏക്കർ സ്ഥലത്ത് കൃഷിനാശം ഉണ്ടായിട്ടുണ്ട്. ഏതാണ്ട് രണ്ടു കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. റവന്യൂ കമ്മീഷണർക്ക് ഞാൻ പ്രത്യേകം നിർദ്ദേശം നൽകുകയുണ്ടായി. റവന്യൂ കമ്മീഷണർ മലപ്പുറത്തുണ്ടായിരുന്നു. റവന്യൂ കമ്മീഷണർ ഇന്നലെ കോഴിക്കോട് ജില്ലയിലെ അത്യാഹിത പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ആവശ്യമായ നടപടികൾ അവിടെ സ്വീകരിക്കുകയുണ്ടായി. മലപ്പുറം ജില്ലയിൽ ചന്ദ്രൻ എന്ന ഒരാൾ മരിക്കുകയുണ്ടായി. അജ്ഞാതനായ ഒരാളെയും കാണാതായിട്ടുണ്ട്. കാണാതായ ആളിനുവേണ്ടിയുള്ള തിരച്ചിൽ നടക്കുകയാണ്. മലപ്പുറം ജില്ലയിൽ അഞ്ചു വീടുകൾ പൂർണ്ണമായും 26 വീടുകൾ ഭാഗികമായും നശിച്ചു. 30 ഏക്കർ സ്ഥലത്ത് കൃഷിനാശമുണ്ടായി. അവിടെ ആളുകളെ മാറ്റി പാർപ്പിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല. ഒൻപതു വില്ലേജുകളെ ഇന്നലത്തെ അതിവർഷം ബാധിക്കുകയുണ്ടായി. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം 192 വീടുകൾ പൂർണ്ണമായും 484 വീടുകൾ ഭാഗികമായും നശിച്ചു. 119 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. 412 പേർ ക്യാമ്പുകളിലുണ്ട്. മൂന്നു ക്യാമ്പുകളാണ് അവിടെയുള്ളത്. റോഡുകൾക്ക് വ്യാപകമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. കോൺക്രീറ്റു പാലങ്ങൾ തകർന്നു പോകുകയുണ്ടായി. വ്യാപകമായി കൃഷിനാശമുണ്ടായി. വീടുകൾക്ക് നാശമുണ്ടായി. മരിച്ച ആളുകളുടെ കുടുംബാംഗങ്ങൾക്ക് 50,000 രൂപ വച്ചു നൽകുന്നതാണ്. വീടു നഷ്ടപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം, നോംസനുസരിച്ചാണ് സഹായം കൊടുത്തുകൊണ്ടിരിക്കുന്നത്. സുനാമിയിൽ വീടു നഷ്ടപ്പെട്ടവർക്ക് കൂടുതൽ തുക കൊടുത്തു. ഇവിടെ വീടു പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് 15,000 രൂപ വീതമാണ് കൊടുക്കുന്നത്. വീടുകൾ പുതുക്കി പണിയുന്നതിനാവശ്യമായ സഹായങ്ങളും നടപടികളും എടുക്കുന്നതാണ്. മെഡിക്കൽ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. ഡോക്ടർമാരുടെ പരിചരണം അവർക്ക് ലഭിക്കുന്നുണ്ട്. അവിടെ ഭക്ഷണം നൽകുന്നുണ്ട്. വസ്ത്രം കൊടുത്തിട്ടുണ്ട്. മറ്റു സൗകര്യങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം ഒരു ദിവസത്തെ കാര്യങ്ങളാണ്. എല്ലാം പൂർണ്ണമായി എന്നു വരില്ല. പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുവരും. ഇന്നലെ ഒരു ദിവസത്തിനുള്ളിൽ നടന്ന കാര്യങ്ങളാണ് ഇതെല്ലാം. ചില സ്ഥലങ്ങളിൽ വെള്ളം കയറിക്കിടക്കുന്നുണ്ട്. വെള്ളം ഇറങ്ങിക്കഴിഞ്ഞാൽ മാത്രമേ നാശനഷ്ടങ്ങൾ പൂർണ്ണമായും മനസ്സിലാക്കാൻ കഴിയൂ. അവിടെ ഉണ്ടായ ദുരന്തത്തിൽ ഗവൺമെന്റിനു ദുഃഖമുണ്ട്. മരിച്ച ആളുകളുടെ കുടുംബങ്ങൾക്കുണ്ടായ ദുഃഖത്തിൽ ഗവൺമെന്റും പങ്കു ചേരുന്നു. ഗവൺമെന്റിനു ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്. അവിടെയുണ്ടായിരിക്കുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം, അതു നികത്തി കൊടുക്കുന്നതിനും ആളുകളുടെ ദുഃഖത്തിനു പരിഹാരം ഉണ്ടാക്കുന്നതിനും ഗവൺമെന്റിനു സാധ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് നിർവ്വഹിക്കുന്നതാണ്.

ശ്രീ. സി. പി. രാമകൃഷ്ണൻ: സർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിൽ ഇന്നലെയുണ്ടായ പേമാരിയും മലവെള്ളപ്പാച്ചിലും ഉരുൾപൊട്ടലുംമൂലം അത്യന്തം ഹൃദയഭേദകമായ സംഭവമാണ് അവിടെയുണ്ടായത്. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഇതു സംബന്ധിച്ച് വിശദീകരണം നടത്തുമ്പോൾ, മുൻകാല അനുഭവങ്ങളിൽ നിന്നും ഒരു കാര്യം ആദ്യമേ സൂചിപ്പിക്കാനുള്ളത്, ഇതുപോലുള്ള ദുരന്തങ്ങൾ ഉണ്ടാകുന്ന സമയത്ത് സഹായങ്ങൾ വാഗ്ദാനം ചെയ്യും. വീടുകൾ നിർമ്മിക്കൽ, പകരം ഭൂമി കൊടുക്കൽ, റോഡുകൾ പുതുക്കി പണിയൽ അങ്ങനെ ഒരുപാടു വാഗ്ദാനങ്ങൾ നൽകാറുണ്ട്. പക്ഷേ വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കുന്നുണ്ടോ എന്നുള്ളതു സംബന്ധിച്ച് ഒരു പരിശോധനയും നടക്കുന്നില്ല. പല വാഗ്ദാനങ്ങളും പ്രാവർത്തികമാകാതെ കിടക്കുകയാണ്. കോഴിക്കോട് ജില്ലയിലെ മരുതുംകര പഞ്ചായത്തിലെ പശുക്കടവിൽ ഉണ്ടായിട്ടുള്ള ദുരന്തം, കഴിഞ്ഞ വർഷം ദുരന്തമുണ്ടായ സ്ഥലത്തിന്റെ നാലു കി.മീറ്റർ അകലെയാണ്. ആ പരിസരങ്ങളിലാകെ ഇത്തരം ദുരന്തം ഉണ്ടാകുന്ന സന്ദർഭത്തിൽ, അപകടകരമായ സാഹചര്യത്തിൽ ജീവിക്കുന്ന കുടുംബാംഗങ്ങൾ, അവരുടെ കൃഷി തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചെല്ലാം പരിശോധന നടത്തി ആവശ്യമായ സുരക്ഷിതത്വ നടപടികൾ ഉണ്ടാക്കേണ്ടതാണ്. അപകടം എപ്പോഴും പതിയിരിക്കുന്ന മേഖലകളാണിതെല്ലാം. ഇവിടെ വ്യാപകമായ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. കോഴിക്കോട്, വയനാട്, മലപ്പുറം തുടങ്ങിയ ജില്ലകളിലുണ്ടായ സംഭവങ്ങളെ തുടർന്ന് വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി. ഒരു സ്ത്രീയുടെ മൃതശരീരം ഇപ്പോഴും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നിരവധി വീടുകൾ തകർന്നിട്ടുണ്ട്. കൃഷിഭൂമി തന്നെ കൃഷിക്ക് യോഗ്യമല്ലാത്ത നിലയിൽ തകർന്നു പോയിട്ടുണ്ട്. നിരവധി പേർക്ക് പരിക്കു പറ്റിയിട്ടുണ്ട്. നിരവധി കുടുംബങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസകേന്ദ്രങ്ങളിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്. അത്യന്തം ഗുരുതരമായ അവസ്ഥാവിശേഷങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ പഞ്ചായത്തിലെ പന്നിക്കോട്ടൂർ കോളനി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലമാണ്. പന്നിക്കോട്ടൂർ കോളനിയിൽ വെള്ളം അടിച്ചു കയറി വന്ന സന്ദർഭത്തിലാണ് ഒരു സ്ത്രീ മരിക്കാനിടയായത്. കുറെ സമയം കയറിൽ പിടിച്ചു രക്ഷപ്പെടാൻ വേണ്ടി അവർ ശ്രമിച്ചിരുന്നു. അവരോടൊപ്പം അവരുടെ ഭർത്താവ് ഗോപാലനും മകൻ ശ്രീജിത്തും ഉണ്ടായിരുന്നു. എങ്ങനെയോ അണ്ണാറക്കണ്ണൻ കയർ വിട്ടുപോയി. അങ്ങനെയാണ് ഒഴുക്കിൽപ്പെട്ടത്. മകനും ഒഴുകിപ്പോയി. ഈ സ്ത്രീയെ ഒരു തരത്തിലും രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. ഇപ്പോഴും ശവശരീരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മകൻ എങ്ങനെയോ അത്ഭുതകരമായി രക്ഷപ്പെട്ടു. ഭർത്താവ് ഗോപാലനും രക്ഷപ്പെട്ടു. സ്ഥിതി വളരെ ദയനീയമാണ്. അവർ താമസിക്കുന്ന വീടിന്റെ ചിത്രം ഇന്നു പത്രത്തിൽ വന്നിട്ടുണ്ട്. മാതൃഭൂമി പത്രത്തിന്റെ ഫ്രണ്ട് പേജിൽ വന്നിട്ടുള്ള വാർത്ത ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് കരുതുന്നു. വളരെ ഗൗരവത്തോടുകൂടി ഈ വാർത്ത പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട്. ചെമ്പനോടു മിച്ചഭൂമി കോളനിയിലെ 28 വീടുകൾ, അവരുടെ കഴിഞ്ഞകാല ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ, ഇതേ പ്രദേശത്തു മൂന്നാമത്തെ തവണയാണ് വെള്ളപ്പൊക്കത്തിന്റെ ഭാഗമായി വീടുകൾ തകർന്നു പോകുന്നത്. മുസ് രണ്ടു തവണയും ചെമ്പനോടു കോളനിയിലെ കുടുംബാംഗങ്ങൾക്ക് ഇങ്ങനെ ഒഴിഞ്ഞു പോകേണ്ടി വന്നിട്ടുണ്ട്. ഇപ്പോൾ കടന്നപ്പുഴ വഴി മാറി ഒഴുകിയതിന്റെ ഫലമായി ആ ഭാഗത്തെ വീടുകളെല്ലാം നാമാവശേഷമായി പോയി എന്നു മാത്രമല്ല ആ സ്ഥലത്ത് പാറക്കൂട്ടങ്ങൾ വന്നു നിറഞ്ഞിരിക്കുകയുമാണ്. വീടുണ്ടായിരുന്ന സ്ഥലത്ത് വീടുണ്ടായിരുന്നോ എന്നു സംശയിപ്പിക്കത്തക്ക തരത്തിൽ പാറക്കൂട്ടങ്ങൾ വന്നു നിറഞ്ഞിരിക്കുകയാണ്. 28 വീടുകളിലെ 130 ആളുകളെ മാറ്റിപ്പാർപ്പിച്ചു എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. ഈ ചെമ്പനോട്ടു കോളനിക്കു സമീപമുള്ള മറ്റു മൂന്നു വീടുകൾ കൂടി തകർന്നുപോയിട്ടുണ്ട് എന്നാണ് ഇന്നലെ പഞ്ചായത്തു പ്രസിഡന്റിനെ വിളിച്ചന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. അവരുടെ വീട് മാത്രമല്ല അവരുടെ വീട്ടു സാധനങ്ങളെല്ലാം നഷ്ടപ്പെട്ടു. വീടുണ്ടായിരുന്ന സ്ഥലത്തുള്ള മണ്ണുപോലും ഒലിച്ചുപോയിട്ടുണ്ട്. പകരം അവിടെ പാറക്കൂട്ടങ്ങളാണുള്ളത്. ഒരു തരത്തിലും അവിടെ താമസിക്കാൻ പറ്റില്ല. ഇവിടെ കൃഷി ഭൂമി വീണ്ടെടുക്കാൻ പറ്റില്ല. അതുകൊണ്ട് ഈ കുടുംബങ്ങൾക്ക് പകരം ഭൂമി നൽകുന്നതിനുള്ള നടപടിയുണ്ടാകണം. ഇവിടെ വീട് വയ്ക്കുന്നതിന് 15,000 രൂപ ധനസഹായം പ്രഖ്യാപിക്കുകയുണ്ടായി. ഈ 15,000 രൂപ കൊടുത്തുകഴിഞ്ഞാൽ വീടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തറ പോലും കെട്ടാൻ കഴിയില്ലെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിയുമല്ലോ. പഞ്ചായത്ത് 40,000 രൂപവരെ കൊടുക്കുന്നുണ്ട്. അത്രപോലും കൊടുക്കാൻ നമ്മുടെ ഗവൺമെന്റ് സന്നദ്ധമാകുന്നില്ല. വീടുണ്ടാക്കുന്നതിനുവേണ്ടി കൊടുക്കുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടതുണ്ട്. 50,000 രൂപയെങ്കിലും നൽകിയില്ലെങ്കിൽ ഒരു തരത്തിലും അവർക്ക് പിടിച്ചു നിൽക്കാൻ കഴിയില്ല. അതുകൊണ്ട് ധനസഹായം വർദ്ധിപ്പിക്കാനുള്ള അടിയന്തിര നടപടിയുണ്ടാകണം. ഇക്കാര്യത്തിലൊരു നിലപാട് ഇപ്പോൾതന്നെ ഈ നിയമസഭയിൽ പ്രഖ്യാപിക്കുന്നതിനുള്ള സമീപനമുണ്ടാകണം. അതുപോലെ പശു, ആട്, കോഴി മുതലായ ഒരുപാട് വളർത്തുമൃഗങ്ങൾ ഒലിച്ചുപോയി. അങ്ങനെ സർവ്വവും നഷ്ടപ്പെട്ട കുടുംബങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികളുണ്ടാകേണ്ടതായിട്ടുണ്ട്. ഇങ്ങനെ വ്യാപകമായി വന്നിട്ടുള്ള നഷ്ടത്തിന് പരിഹാരം കണ്ടെത്താനുള്ള നടപടിയുണ്ടാകണം. ചങ്ങരോത്ത് പഞ്ചായത്തിലെ ചവറമുഴി, തരിപ്പിലോട് പ്രദേശങ്ങളിൽ പത്ത് വീടുകൾ തകർന്നിട്ടുണ്ട്. അവർക്ക് അവിടെ താമസിക്കാൻ പറ്റില്ല. കൃഷിയും വലിയ തോതിൽ നശിച്ചിട്ടുണ്ട്. ഭൂമിയും ഒലിച്ചുപോയിട്ടുണ്ട്. ഇന്നലെ മരുതുകര പഞ്ചായത്തിലെ പ്രസിഡന്റുമായി സംസാരിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് അവിടെ ഒൻപത് വീടുകൾ പൂർണ്ണമായും ഇരുപത് വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ടെന്നാണ്. നിരവധിപേരെ ആശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിത്താമസിപ്പിച്ചിട്ടുണ്ട്. അവിടത്തെ കൃഷിനാശമെന്നു പറയുന്നത് വിവരണാതീതമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ നഷ്ടത്തിന്റെ കണക്ക് ഇനിയും പരിശോധിക്കേണ്ടതുണ്ട്. കോടിക്കണക്കിന് രൂപയുടെ കൃഷിയാണ് ഇവിടെ നശിച്ചിട്ടുള്ളത്. മരുതുകരയിൽ മാത്രം 100 ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചിട്ടുണ്ട്. അതു കണക്കാക്കിക്കഴിഞ്ഞാൽതന്നെ മൂന്ന് കോടിയിൽപ്പരം രൂപയുടെ നഷ്ടമെങ്കിലും ഇതെല്ലാമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. അവിടെയുള്ള ജനപ്രതിനിധികളും മറ്റ് രാഷ്ട്രീയ പാർട്ടികളുമെല്ലാം അവിടെപ്പോയി അന്വേഷിച്ച് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഇത്. കോഴിക്കോട് ജില്ലയിൽതന്നെയുള്ള ഏറ്റവും അപകടകരമായ പെരുവണ്ണാമൂഴി റിസർവോയറിന്റെ നിലയെക്കുറിച്ച് ഞാൻ നേരത്തെതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. പെരുവണ്ണാമൂഴി റിസർവോയറും അവിടത്തെ ഡാമും അപകടനിലയിലാണ്. അവിടെയൊന്നും ഗവൺമെന്റിന്റെ യാതൊരു തരത്തിലുള്ള ശ്രദ്ധയും വന്നിട്ടില്ല. അവിടെ കനാലുകൾ ഇടിഞ്ഞിട്ടും അവയ്ക്ക് യാതൊരു പരിരക്ഷയും നൽകാത്തതിനാൽ പല കുടുംബങ്ങളും ഇപ്പോഴും വലിയ ഭീതിയിലാണ്. അതുപോലെ റിസർവോയറിൽ വെള്ളം നിറഞ്ഞു നിൽക്കുന്ന അവസ്ഥ. ഇതെല്ലാം പരിഗണിച്ചുകൊണ്ട് അവിടെ പ്രത്യേക ജാഗ്രതയുണ്ടാകേണ്ടതായിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ കൂടുതൽ അലർട്ട് ആകേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തായിട്ടുണ്ട്. പോലീസും ഫയർഫോഴ്സും അതുപോലെ മറ്റ് സംവിധാനങ്ങളുമെല്ലാം ഉണ്ടാകേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ ഇത്തരത്തിലുള്ള ആപത്തുണ്ടായിക്കഴിഞ്ഞാൽ അതിനെ നേരിടാൻ കഴിയുകയുള്ളു. ഇക്കാര്യവും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. മലപ്പുറം ജില്ലയിലെ അരീക്കോട് വെറ്റിലപ്പാറയിൽ ചെക്കുന്ന്, വൈരങ്ങാട് മലയിലാണ് ഉരുൾപൊട്ടിയത്. അവിടെ 25 ഏക്കർ കൃഷി നശിച്ചിട്ടുണ്ട്. മൂന്ന് വീടുകൾ പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. വയനാട് ജില്ലയിലെ തരിയോട് ഈശ്വരൻമൂടി മലയിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് മൂന്ന് ഗ്രാമങ്ങൾ ഭാഗീകമായി വെള്ളത്തിനടിയിലാണ്. അതുപോലെതന്നെ 46 വീടുകൾ പൂർണ്ണമായും, 100 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം വളരെ ഗൗരവതരമായി പരിശോധിച്ച് അതിനാവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ ഈ മൂന്ന് ജില്ലകളിലുണ്ടായ ദുരന്തം പരിശോധിക്കുമ്പോൾ തകർന്നുപോയ വീടുകൾ, കൃഷിഭൂമി നശിച്ചത്, ആൾനാശമുണ്ടായത് ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു നടപടിയാണുണ്ടാകേണ്ടത്. ആൾനാശമുണ്ടായ കുടുംബത്തിന് മതിയായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകണം. ഭൂമി നഷ്ടപ്പെട്ടവർക്ക് താമസയോഗ്യമായ പകരം ഭൂമി നൽകാനുള്ള നടപടിയുണ്ടാകണം. വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ പുനർ നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം 50,000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. കൃഷി നാശത്തിനർഹമായ നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടിയുണ്ടാകണം. ദുരന്തത്തിനിരയായ എല്ലാ കുടുംബങ്ങൾക്കും പകരം സംവിധാനമുണ്ടാകുന്നതുവരെ സൗജന്യ റേഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അവരുടെ ആരോഗ്യപരിരക്ഷയ്ക്കാവശ്യമായ മെഡിക്കൽ പരിശോധനയും അതുപോലുള്ള മറ്റ് സംവിധാനങ്ങളുമുണ്ടാകേണ്ടതായിട്ടുണ്ട്. തകർന്നുപോയ റോഡുകളും പാലങ്ങളും പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷം ഈ സംസ്ഥാനത്തെ ജനജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി പരിഗണിച്ച് സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : ശ്രീ. മത്തായി ചാക്കോയും ഇതുസംബന്ധിച്ച് ഒരു സബ്മിഷൻ തന്നിട്ടുണ്ട്. ഇക്കാര്യങ്ങളൊക്കെ പറഞ്ഞതുകൊണ്ട്.....ബഹുമാനപ്പെട്ട മെമ്പർ ചുരുക്കി പറയണം.

ശ്രീ. മത്തായി ചാക്കോ : ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞതിനോട് ആഡ് ചെയ്തുകൊണ്ട് ഒരുകാര്യം മാത്രം സൂചിപ്പിക്കുകയാണ്. 2004 ആഗസ്റ്റ് മാസം 4-ാം തീയതിയാണ് മരുതുങ്കര പഞ്ചായത്തിലെ പശുക്കടവിൽ ഉരുൾപൊട്ടലുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്നതാണ്. അന്ന് പത്ത് പേർ മരിച്ചു. അന്ന് നടന്ന ചർച്ചയുടെ ഭാഗമായി മന്ത്രി അവിടെ പറഞ്ഞത് ഉരുൾ പൊട്ടൽ ഭീഷണിയുള്ള സ്ഥലത്തുനിന്ന് ആളുകളെ മാറ്റി പാർപ്പിക്കുമെന്നാണ്. അവർക്ക് പ്രത്യേക ഭൂമി കൊടുക്കുമെന്നാണ്. എന്നാൽ അതിൻമേൽ ഒരു നടപടിയും ആ മേഖലയിലുണ്ടായില്ല. യഥാർത്ഥത്തിൽ അന്ന് നടപടിയുണ്ടായിരുന്നുവെങ്കിൽ ഇന്ന് ഈ കാര്യങ്ങളിൽ മാറ്റം വരുമായിരുന്നു. അതുപോലെതന്നെ കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാം തുറന്നുവിടുമെന്നുള്ളതുകൊണ്ട് പോലീസ് അവിടെയൊക്കെ അനൗൺസ്മെന്റ് നടത്തുകയാണ്. അതിനാൽ അവിടത്തെ ജനങ്ങൾ ആകെ ഭീതിയിലാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* : ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ചെമ്പനോട് പ്രദേശത്ത് തുടർച്ചയായി ഉരുൾപൊട്ടൽ ഭീഷണിയുണ്ട്. മൂന്നാമത്തെ തവണയാണ് ഈ പ്രദേശത്ത് അത്യാഹിതമുണ്ടാകുന്നത്. തീർച്ചയായിട്ടും ഗവൺമെന്റ് ഇത് ഗൗരവത്തോടുകൂടി കാണുന്നുണ്ട്. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം ചെയ്യാൻ ഉദ്ദേശിക്കുകയാണ്. ഭൂമി നഷ്ടപ്പെട്ടവർക്ക് ഗവൺമെന്റ് പകരം ഭൂമി നഷ്ടപരിഹാരമായി കൊടുക്കും. ഇവിടെ ശ്രീ. മത്തായി ചാക്കോ കഴിഞ്ഞ തവണ ഉരുൾപൊട്ടൽമൂലം ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി കൊടുത്തില്ലെന്ന് പറയുകയുണ്ടായി. ഇത് എത്രത്തോളം ശരിയാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. നമുക്കൊരു കാര്യം ചെയ്യാം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട പ്രദേശങ്ങളിലെ എം.എൽ.എ.-മാരുമായി ചൊവ്വാഴ്ച ചർച്ച ചെയ്യുന്നതാണ്. എവിടെയെങ്കിലും ഭൂമി available ആണോയെന്ന് അന്വേഷിക്കുക.

ശ്രീ. എം. വി. ജയരാജൻ : രൂപ കൊടുത്താൽ മതി.

ശ്രീ. കെ. എം. മാണി : രൂപയ്ക്ക് ഒരു ബുദ്ധിമുട്ടുമില്ല. രൂപ തരാം. ഉരുൾ പൊട്ടൽമൂലം മണൽകേറി ഭൂമി മുഴുവൻ നഷ്ടപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം പകരം ഗവൺമെന്റ് ഭൂമി കാണിച്ചു തരുന്നുണ്ടെങ്കിൽ പകരം ഭൂമി കൊടുക്കാം. അല്ല എന്നുണ്ടെങ്കിൽ നഷ്ടപരിഹാരം എത്ര രൂപയെന്ന് നിശ്ചയിച്ച് തരാം. ഇത് വളരെ ദാരുണമായ ഒരു സംഭവമായതുകൊണ്ട് ഗവൺമെന്റ് ആ നിലയ്ക്ക് പ്രവർത്തിക്കാൻ തയ്യാറാണ്. വീട് നഷ്ടപ്പെട്ടവർക്ക് 15,000 രൂപയാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യ നിശ്ചയിച്ച നോംസ്. അതനുസരിച്ചാണ് നമ്മൾ കൊടുത്തു വരുന്നത്. ഇതിനിടയിൽ ഞാൻ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. 15,000 രൂപ അപര്യാപ്തമാണെന്നുള്ളത് ഗവൺമെന്റ് മനസ്സിലാക്കുന്നു. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ ഈ നഷ്ടപരിഹാരത്തുക ഉയർത്തണമെന്ന് പറയുന്ന സ്പിരിറ്റ് മനസ്സിലാക്കിക്കൊണ്ട് 15,000 രൂപ എന്നുള്ളതിനു പകരം 30,000 രൂപ, അതായത് ഇരട്ടിയായി ഈ തുക വർദ്ധിപ്പിക്കുന്നു. നഷ്ടപ്പെട്ട വീടുകൾ നന്നാക്കുന്നതിനുവേണ്ടി 30,000 രൂപവച്ച് കൊടുക്കാം. കൃഷി നാശത്തെ സംബന്ധിച്ചിടത്തോളം ഒരു വാക്ക് പറയട്ടെ കൃഷിനാശമുണ്ടായവർക്കെല്ലാം നഷ്ടപരിഹാരം കൊടുക്കും.

ശ്രീ. മത്തായി ചാക്കോ : കഴിഞ്ഞ പ്രാവശ്യം ചർച്ച ചെയ്തിട്ട് കൊടുത്തില്ല.

ശ്രീ. കെ. എം. മാണി : ശ്രീ. മത്തായി ചാക്കോ ഇങ്ങനെ പറയരുത്. അങ്ങനെ കാശ് കിട്ടാനുണ്ടെങ്കിൽ ഇന്ന സ്ഥലത്ത് കാശ് കിട്ടാനുണ്ടെന്നു പറഞ്ഞ് ഇവിടെ സബ്മിഷൻ അവതരിപ്പിക്കാം, പരാതി എഴുതിത്തരാം, അല്ലെങ്കിൽ നേരിട്ട് പറയാം. അതിന് ഇവിടെ എത്തെല്ലാം സംവിധാനങ്ങളുണ്ട്. അപ്പോൾ തരാം. കൃഷിക്കാർക്കുണ്ടായ നഷ്ടം മുഴുവൻ നികത്തിക്കിട്ടുമെന്നല്ല. പക്ഷെ കേന്ദ്ര ഗവൺമെന്റ് നോംസ് അനുസരിച്ചുള്ള നഷ്ടപരിഹാരം കൊടുക്കാം. അതിവർഷം മാറിയതിനുശേഷം മഹസർ തയ്യാറാക്കി കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്ന് നഷ്ടപരിഹാരം തിട്ടപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് റവന്യൂ ഡിപ്പാർട്ടുമെന്റിലേക്ക് വരണം. നഷ്ടപരിഹാരം കൊടുക്കാം. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഇതിനാവശ്യമായ മുഴുവൻ തുകയും അനുവദിച്ച് കൊടുക്കാം. ജില്ലാ കളക്ടർമാരും ഭരണകൂടവും ആശ്വാസ രംഗത്ത് നിലയുറപ്പിച്ചിട്ടുണ്ട്. കഴിയുന്ന മുഴുവൻ സഹായങ്ങളും എത്തിച്ചു കൊടുക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. കൂടുതലായിട്ടുള്ള ഒരു ചർച്ചയുടെയും ആവശ്യമില്ല. വളരെ ആത്മാർത്ഥതയോടും ഹൃദയവേദനയോടും കൂടിയാണ് ഗവൺമെന്റ് ഈ കാര്യം കാണുന്നത്. ആത്മാർത്ഥമായി വളരെ വേഗത്തിൽ അവർക്ക് ആശ്വാസമെത്തിക്കുന്നതിനുള്ള മുഴുവൻ നടപടികളും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)* : സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ല. വിശദീകരണത്തിൽ ബന്ധപ്പെട്ട മൂന്ന് എം.എൽ.എ.-മാരുമായി ചർച്ച ചെയ്യാമെന്നുപറഞ്ഞിട്ടുള്ളത് ആശ്വാസകരം തന്നെയാണ്. പക്ഷേ അദ്ദേഹത്തിന്റെ വിശദീകരണത്തിൽ വീടുകൾക്ക് 15,000 രൂപ എന്നുള്ളത് 30,000 രൂപ ആക്കാം എന്നുള്ള ഒരു വലിയ സൗജന്യം അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹവും ഈ ഗവൺമെന്റിലെ ഏതെങ്കിലും മന്ത്രിമാരും കൂടി ഒന്നിച്ചിരുന്ന് അത്ഭുതകരമായ

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ 30,000 രൂപയുടെ വീട് ഉണ്ടാക്കുന്നത് കാണേണ്ടത് തന്നെയാണ്. എന്നാൽ മലപ്പുറത്ത് മൂന്നുപേരും കോഴിക്കോട് ഒരാളും അങ്ങനെ നാലുപേർ മരണപ്പെട്ടിട്ട് അവരുടെ കുടുംബങ്ങളെ സംബന്ധിച്ച് എന്ത് സഹായം നൽകുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം കൊടുക്കാമെന്ന് ആദ്യമേ തന്നെ ഞാൻ പറഞ്ഞതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഈ തുകയും കുറച്ച് വർദ്ധിപ്പിക്കണം. ആ തുകയിൽ ദാരിദ്ര്യം കാണിക്കരുത്. ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സഹായകരമായ രീതിയിൽ വേണ്ടേ? അതുപോലെ സൗജന്യറേഷന്റെ കാര്യം ഒന്നും പറഞ്ഞില്ല. ഈ കാലമത്രയും അവർ എങ്ങനെയാണ് കഴിയുന്നത്?

ശ്രീ. കെ. എം. മാണി : ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നുണ്ട്. അവർക്ക് ആവശ്യമാണെങ്കിൽ ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ കൊടുക്കും. അവർ വീടുകളിലേക്ക് പോകുകയാണെങ്കിൽ ഒരു നിശ്ചിത സമയത്തേക്ക് അവർക്ക് സൗജന്യറേഷൻ കൊടുക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഒരു പ്രത്യേക പ്രാധാന്യമുള്ള വിഷയം ഉന്നയിക്കണമെന്ന് എഴുതി തന്നിട്ടുണ്ട്.

മി. സ്പീക്കർ : അത് സബ്മിഷനായിട്ട് എടുത്താൽ പോരേ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇത് അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടേതായിട്ട് വന്ന ഒരു പ്രശ്നം ഇതുപോലുള്ള സന്ദർഭത്തിലാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത്. അടിയന്തിര പ്രമേയത്തിന് തൊട്ടുതാഴെ ഉന്നയിക്കേണ്ട പ്രശ്നമായതുകൊണ്ട് എഴുന്നേൽക്കുകയാണ്. ഇത് ഉരുൾപൊട്ടൽ പോലുള്ള ഒരു പ്രശ്നമായതുകൊണ്ടാണ് അടിയന്തിരപ്രമേയത്തിന് തൊട്ടുതാഴെ അവതരിപ്പിക്കണമെന്ന് പറയുന്നത്.

മി. സ്പീക്കർ : അതിന് സമയം തരാം. പതിവായിട്ടുള്ള ഒരു നടപടിക്രമം ഇല്ലേ? ഓരോന്ന് പുതിയത് ഉണ്ടാക്കണ്ട. ലിബറലായിട്ട് ചീത്ത കീഴ്വഴക്കം ഉണ്ടാക്കണ്ട കാര്യമില്ല. അതിന് സമയം തരാം. ഗൗരവമായിട്ട് എടുക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly